IT

LAB ON 04-02-14

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1640 — 21.01.2014 ലെ മറുപടിയ്ക്ക്

## കർഷക ആത്മഹത്യ തടയുന്നതിന് നടപടി

ചോദ്യം — മറുപടി

ശ്രീ. എം.ഹംസ

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ രണ്ട് വർഷമായി കേരളത്തിൽ എത്ര കർഷകർ ആത്മഹത്യ ചെയ്തു; വിശദാംശം നൽകാമോ;

(എ) കഴിഞ്ഞ രണ്ട് വർഷമായി (2012, 2013) സംസ്ഥാനത്ത് 32 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | - |
| പത്തനംതിട്ട | - |
| ആലപ്പുഴ | 2 |
| കോട്ടയം | - |
| എറണാകുളം | - |
| ഇടുക്കി | - |
| തൃശ്ശൂർ | - |
| പാലക്കാട് | 7 |
| മലപ്പുറം | - |
| കോഴിക്കോട് | 1 |
| വയനാട് | 16 |
| കണ്ണൂർ | 3 |
| കാസർഗോഡ് | 1 |
| **ആകെ** | 32 |

(ബി) ആത്മഹത്യ ചെയ്ത കർഷകർക്കായി എന്തെല്ലാം ധനസഹായങ്ങളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കാലയളവിൽ ആത്മഹത്യ ചെയ്ത കർഷകർക്ക് കേന്ദ്ര സർക്കാരിൽ നിന്ന് കൃഷി വകുപ്പ് മുഖേന ധനസഹായം നൽകിയിട്ടില്ല. എന്നാൽ ഈ കാലയളവിൽ ആത്മഹത്യ ചെയ്ത 28 കർഷകരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതവും വയനാട് ജില്ലയിൽ ആത്മഹത്യ ചെയ്ത ഒരു കർഷകന്റെ കുടുംബത്തിന് 50,000/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | കർഷക ആത്മഹത്യ തടയുന്നതിനായി രൂപീകരിച്ച ഏതെല്ലാം പാക്കേജുകൾ ആണ് നിലവിലുള്ളത്; ഓരോന്നിന്റെയും പുരോഗതിയും, ചെലവഴിച്ച തുകയും വ്യക്തമാക്കാമോ? | (സി) | കർഷക ആത്മഹത്യ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ള വയനാട് ജില്ലയിലെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി 2012-2013 സാമ്പത്തിക വർഷം മുതൽ വയനാട് പാക്കേജ് എന്ന പേരിൽ ഒരു സമഗ്രവികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു. |

1) കുരുമുളക് കൃഷിയുടെ പുനരുദ്ധാരണം
2) പച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുത്തൽ
3) ചെറുകിട ജലസേചന പദ്ധതികൾ
4) മണ്ണിന്റെ പരിപോഷണം
5) എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമതല കർഷക വിദഗ്ധോപദേശ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ
6) കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനങ്ങൾ, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ
7) ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് ക്രെഡിറ്റ് റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കൽ
8) കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയും വിപണനവും.
9) ക്ഷീര വികസനം.

കൃഷി വകുപ്പിൽ പദ്ധതി നടപ്പാക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ താഴെ പറയുന്നു.

| വർഷം | നീക്കി വച്ച തുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|
| 2012-13 | 2407.50 | 2253.18 |
| 2013-14 | 1900.00 | 1008.70 (2013 ഡിസംബർ വരെ) |

കൂടാതെ, വയനാട് പാക്കേജിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിന് കീഴിൽ നടപ്പാക്കുന്നതിനായി 36.15395 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധനയിലുണ്ട്. പ്രസ്തുത പദ്ധതിയിലെ മുഖ്യഘടകങ്ങൾ താഴെ പറയുന്നതാണ്.

1) കന്നുകുട്ടികളെ ദത്തെടുക്കുന്ന പദ്ധതി
2) ഗർഭിണി കിടാരികളുടെ വിതരണം
3) പൗൾട്രി യൂണിറ്റുകൾ സ്ഥാപിക്കൽ.
4) മാംസോൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആടുകളുടെയും പന്നികളുടെയും ബ്രീഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

സെക്ഷൻ ഓഫീസർ